കെ2/79867/2021

കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ
കുടുംബശ്രീ വിഭാഗം
തീയതി : 10.01.2022.

നോട്ടീസ്

വിഷയം : കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ - കുടുംബശ്രീ വിഭാഗം- ഷീലോഡ്ജ് കരട് ബൈലോ ക്ഷേമകാര്യ കമ്മിറ്റിയിൽ സമർപ്പിക്കുന്നത് - സംബന്ധിച്ച്.

**********

കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ- കുടുംബശ്രീ വിഭാഗം - വലിയങ്ങാടി നഗരസഭ കെട്ടിടത്തിൽ ആരംഭിക്കുന്നതിനു ഉദ്ദേശിച്ചിട്ടുള്ള ഷീലോഡ്ജ് കം റെസ്റ്റോറന്റ്/ഹോട്ടൽ നടത്തിപ്പിന്റെ കരട് ബൈലോ 1994 ലെ കേരള മുനിസിപ്പൽ ആക്ട് 567-ാം വകുപ്പ് പ്രകാരം തയ്യാറാക്കിയിട്ടുള്ളതാണ്. ആയത് 17.01.2022 തീയതിക്കുശേഷമുള്ള ഏതു തീയതിയിലും ക്ഷേമകാര്യ സ്ഥിരംസമിതി മുമ്പാകെ സമർപ്പിക്കുന്നതും വിഷയം ആലോചനയ്ക്കു എടുക്കുന്നതാണെന്നുള്ള വിവരം പൊതുജന അറിവിലേക്കു പ്രസിദ്ധപ്പെടുത്തുന്നു.

സെക്രട്ടറി
കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ.

PROJECT OFFICER
Urban Proverty Allivation Cell
Kozhikode Corporation

N B : കരട് ബൈലോ കുടുംബശ്രീ വിഭാഗത്തിൽ നിന്നും പരിശോധിക്കാവുന്നതാണ്.

# കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ

ഷിലോഡ്ജ് കെട്ടിടവും ഹോട്ടലും
സംബന്ധിച്ച

# കരട് ബൈലോ

## കോഴിക്കോട് നഗരസഭ വക വലിയങ്ങാടി കെട്ടിടത്തിലെ ഷിലോഡ്ജ് /ഹോട്ടൽ നടത്തിപ്പിന്റെ കരട് ബൈലോ

### 1.ചുരുക്കപേരും പ്രാരംഭവും

ഈ ബൈലോ 2021 ലെ കോഴിക്കോട് വലിയങ്ങാടി നഗരസഭാ കെട്ടിടത്തിലെ ഷിലോഡ്ജ് കം റസ്റ്റോറന്റ് /ഹോട്ടൽ എന്നിവ ലൈസൻസ് ഫീ വ്യവസ്ഥയിൽ ലേലം/ടെണ്ടർ മുഖേന നൽകുന്നതിനുള്ള ബൈലോ എന്ന് ആണ്

### 2.നിർവ്വചനങ്ങൾ

ഈ ബൈലോയിലെ സന്ദർഭം മറ്റൊരു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം

a. ആക്ട് എന്നാൽ 1994 ലെ കേരള മുനിസിപ്പൽ ആക്ട് (1994 ലെ 20) എന്ന് അർത്ഥമാക്കുന്നു.

b. മുനിസിപ്പൽ കൗൺസിൽ എന്നാൽ കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ എന്നർത്ഥമാക്കുന്നു.

c. സെക്രട്ടറി എന്നാൽ കോഴിക്കോട് നഗരസഭ സെക്രട്ടറി എന്നർത്ഥമാക്കുന്നു.

d. സർക്കാർ എന്നാൽ കേരള സർക്കാർ എന്നർത്ഥമാക്കുന്നു.

e. ബൈലോകൾ എന്നാൽ കെ.എം ആക്ടിലെ 567 വകുപ്പ് പ്രകാരം കോഴിക്കോട് നഗരസഭ കൗൺസിൽ അംഗീകരിച്ച ബൈലോ എന്നർത്ഥമാക്കുന്നു

f. ഷിലോഡ്ജ് എന്നാൽ കോഴിക്കോട് നഗരസഭ വക വലിയങ്ങാടി കെട്ടിടത്തിലെ ഷീലോഡ്ജും ഷീലോഡ്ജിനകത്തെ റസ്റ്റോറന്റ് / ഹോട്ടൽ എന്നർത്ഥമാക്കുന്നു.

g. സാമ്പത്തിക വർഷം എന്നാൽ ഏപ്രിൽ 1 ന് ആരംഭിച്ച് അടുത്ത വർഷം മാർച്ച് 31 ന് അവസാനിക്കുന്ന ഒരു വർഷം എന്നർത്ഥമാക്കുന്നു.

h. ലൈസൻസ് എന്നാൽ 1882 ലെ ഇന്ത്യൻ ഈസ് ആന്റ് ആക്ടിലെ 52-ാം വകുപ്പിലെ ലൈസൻസ് എന്ന വകുപ്പിൽ ലൈസൻസ് എന്ന വാക്ക് നിർവ്വിച്ചിരിക്കുന്ന അതേ അർത്ഥത്തിൽ ആകുന്നു.

i കമ്മിറ്റി എന്നാൽ ഈ ബൈലോയിലെ 12-ാം ക്ലിപ്ത നിബന്ധനയിൽ രൂപീകൃതമായ മാനേജ്മെന്റ് കമ്മിറ്റി എന്നർത്ഥമാകുന്നു.

ഈ ബൈലോയിൽ ഉപയോഗിച്ചിട്ടുള്ളതും പക്ഷെ നിർവ്വചിച്ചിട്ടില്ലാത്തതും എന്നാൽ ആക്ടിൽ നിർവ്വചിച്ചിട്ടില്ലാത്തതുമായ വാക്കുകൾക്കും പ്രയോഗങ്ങൾക്കും യഥാക്രമം ആക്ടിൽ ആയതിന് നൽകിയിട്ടുള്ള അർത്ഥങ്ങൾ ഉണ്ടായിരിക്കുന്നതാണ്

3 ഈ ബൈലോയിൽ ആവശ്യമെന്ന് തോന്നുന്ന പക്ഷം ആക്ടിലെ വ്യവസ്ഥകൾ അനുസരിച്ച് ഭേദഗതികളോ കൂട്ടിചേർക്കലുകളോ നടത്തുന്നതിനുള്ള അധികാരം കൗൺസിലിൽ നിക്ഷിപ്തമാണ്.

4. ഷീലോഡ്ജ് കെട്ടിടത്തിലെ മുറികൾ ഉപയോഗിക്കുന്നതിനുള്ള അവകാശം 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 215-ാം വകുപ്പ് പ്രകാരവും 2000ത്തിലെ കേരളാമുനിസിപ്പൽ വസ്തു ആർജ്ജിക്കലും കൈഒഴിയലും ചട്ടങ്ങൾക്ക് വിധേയമായിരിക്കും.

5. നാലാമതായി പ്രതിപാദിച്ച വ്യവസ്ഥകൾക്ക് പുറമെ അതത്കാലത്തെ കോർപ്പറേഷൻ കൗൺസിൽ നിശ്ചയിക്കുന്ന നിബന്ധനകൾക്കും വ്യവസ്ഥകൾക്കും സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന വ്യവസ്ഥകളും ബാധകമായിരിക്കും. ലൈസൻസ് കാലാവധി: മുറികൾ ലേലം ചെയ്ത് ഏൽപ്പിച്ചു കൊടുക്കുന്ന തീയതി മുതൽ കൗൺസിൽ നിശ്ചയിക്കുന്ന കാലാവധിയോടെ അവസാനിക്കുന്നതും തുടർന്ന് ഏൽപ്പിച്ചു നൽകുമ്പോൾ അന്ന് നിലവിലുള്ള സർക്കാർ ഉത്തരവുകൾക്കും കോർപ്പറേഷൻ കൗൺസിൽ തീരുമാനിക്കുന്ന നിബന്ധനകൾക്കും വിധേയമായി ലൈസൻസ് ഫീ വർദ്ധിപ്പിച്ചുകൊണ്ടോ അല്ലാതെയോ ലൈസൻസ് അവകാശം പുതുക്കുന്നതിനോ പുനർലേലം ചെയ്യുന്നതിനോ കോർപ്പറേഷൻ കൗൺസിലിന് അവകാശ മുണ്ടായിരിക്കുന്നതാണ്.

6. ഷീ ലോഡ്ജിന്റെ ഉടമസ്ഥാവകാശം കോർപ്പറേഷനിൽ നിക്ഷിപ്തമാണ്. വിവിധ ആവശ്യങ്ങൾക്കും മററുമായി നഗരത്തിൽ എത്തുന്ന സ്ത്രീകൾക്ക് രാത്രികാല ങ്ങളിൽ സുരക്ഷിതമായി അന്തിയുറങ്ങുന്നതിനും വിശ്രമിക്കുന്നതിനുമുള്ള തായിരിക്കും. ഷീലോഡ്ജിൽ സ്ത്രീകളെ മാത്രമെ പ്രവേശിപ്പിക്കുകയുള്ളു.

7. കെട്ടിടം ഏൽപ്പിച്ചു കൊടുക്കുന്ന തീയതി മുതൽ കൗൺസിൽ നിശ്ചയിച്ച നിശ്ചിത നിരക്കിലുള്ള ഡെപ്പോസിറ്റ് ഒരു വർഷത്തെ പ്രതിമാസ ലൈസൻസ് ഫീ എന്നിവ ലേല നിബന്ധനകൾക്ക് വിധേയമായി നഗരസഭാഫണ്ടിൽ അടവാക്കേണ്ടതാണ്.

8. ഷീലോഡ്ജും, റസ്റ്റോറന്റ്/ഹോട്ടൽ മുറികളും മുൻകൂട്ടി പരസ്യം ചെയ്യുന്നതിന നുസരിച്ച്, കൗൺസിൽ നിജപ്പെടുത്തിയ മിനിമം ലേല തുകയിൽ പരസ്യ ലേലം/ടെണ്ടർ ചെയ്ത് ഏറ്റവും കൂടുതൽ ലേല തുക നൽകുന്നവർക്ക് ടി കെട്ടിടം പ്രതിമാസ ലൈസൻസ് ഫീ വ്യവസ്ഥയിൽ ആക്ടിലെ വ്യവസ്ഥകൾക്കും ചട്ടങ്ങൾക്കും സർക്കാർ ഉത്തരവുകൾക്കും വിധേയമായി ഹോട്ടൽ/റസ്റ്റോറന്റ്/ ഷിലോഡ്ജ് എന്നിവ മൊത്തമായോ പ്രത്യേകമായോ അനുവദിക്കുന്നതായിരിക്കും.

9. നഗരസഭ പരിധിയിലെ ഷീലോഡ്ജ് സംരംഭം നടത്തുന്നതിനുവേണ്ടി രജിസ്ട്രർ ചെയ്ത കുടുംബശ്രീ സംരംഭക യൂണിറ്റിന് മാത്രമെ ഇതിന്റെ നടത്തിപ്പിനു വേണ്ടിയുള്ള ലേലത്തിൽ പങ്കെടുക്കുവാൻ സാധിക്കുകയുള്ളു.ഷിലോഡ്ജ് നടത്തിപ്പിനും ഹോട്ടൽ നടത്തിപ്പിനും ഒന്നിച്ചോ വെവ്വേറെയായോ സംരംഭകർക്ക് ലേലം/ടെണ്ടറിൽ പങ്കെടുക്കാവുന്നതാണ്. എന്നാൽ കുടുംബശ്രീ സംരംഭകർ പങ്കെടുക്കുന്ന പക്ഷം കൗൺസിൽ തീരുമാനത്തിന് വിധേയമായി ലേലം/ ടെണ്ടർ മുഖേന നടത്തിപ്പവകാശം ഏൽപ്പിച്ചുകൊടുക്കുന്നതാണ്.

10. ഷീലോഡ്ജും അനുബന്ധ മുറികളും നേരിൽ കണ്ട് ബോധ്യപ്പെട്ടതിനുശേഷമേ ലേലത്തിൽ പങ്കെടുക്കുവാൻ പാടുള്ളു. നിലവിലുള്ള അവസ്ഥയിൽ മേൽ സൗകര്യങ്ങൾക്ക് പുറമെ പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തി തരണമെന്ന് അപേക്ഷിക്കുവാനോ നിലവിലുള്ള സൗകര്യങ്ങളുടെ അപര്യാപ്തതയെ കുറിച്ച് ചോദ്യമോ തർക്കമോ ഉന്നയിക്കുവാൻ പാടില്ലാത്തതുമാണ്.

11. ഷിലോഡ്ജ്/റസ്റ്റോറന്റിന്റെ വാടക നിരക്കുകൾ കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിലിന്റെ തീരുമാനങ്ങൾക്ക് വിധേയമായിരിക്കും. നഗരസഭ കൗൺസിൽ നിശ്ചയിച്ച മിനിമം വാടക തുകയിൽ ഏറ്റവും കൂടുതൽ തുക ക്വാട്ട് ചെയ്യുന്ന ലേലം/ടെണ്ടർ/ഓഫർ സാധാരണ ഗതിയിൽ അഗീകരിക്കുന്നതാണ് എന്നാൽ വ്യക്തവും വിവിധവുമായ കാരണത്താൽ ലേലം അംഗീകരിക്കുന്നതിനോ നിരാകരിക്കുന്നതിനോ കൗൺസിലിന് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്.

12. ഷീലോഡ്ജിന്റെ പ്രവർത്തന നിയന്ത്രണം താഴെ പറയുന്നകമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കും.

നഗരസഭാ മേയർ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ, ടി സ്ഥാപനം സ്ഥിതിചെയ്യുന്ന വാർഡിലെ കൗൺസിലർ, കൗൺസിൽ നിശ്ചയിക്കുന്ന 3 വനിതാകൗൺസിലർമാർ, നഗരസഭ സെക്രട്ടറി, ഷീ ലോഡ്ജ് പ്രവർത്തിക്കുന്ന സ്ഥലത്തെ സി.ഡി.എസ് ചെയർപേഴ്സൺ, ഹെൽത്ത് സൂപ്പർവൈസർ, കുടുംബശ്രീ സി.ഡി.എസ്, മെമ്പർ സെക്രട്ടറി, ടൗൺപോലീസ് സ്റ്റേഷൻ ഹൗസ് ഓഫീസർ, ഡി.എം.സി പ്രതിനിധി, എൻ.യു.എൽ.എം സിറ്റിമിഷൻ മാനേജർ എന്നിവർ ഉൾപ്പെടുന്ന മാനേജ്മെന്റ് കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കും.പ്രസ്തുത കമ്മറ്റി മാസത്തിലൊരിക്കൽ ഷീലോഡ്ജിന്റെ പ്രവർത്തനം വിലയിരുത്തുന്നതാണ്. 3 മാസത്തിലൊരിക്കൽ വരവ് ചിലവ് കണക്കുകൾ പരിശോധിക്കേണ്ടതുമാണ്.

13. ലേലത്തിൽ പങ്കെടുക്കുന്ന സംരംഭക യൂണിറ്റുകൾ അവരുടെ പേര്, വിലാസം, ഫോട്ടോ, സംരംഭക രജിസ്ട്രേഷൻ നമ്പർ എന്നിവ ഹാജരാക്കേണ്ടതാണ്. നഗരസഭ സെക്രട്ടറി ലൈസൻസ് അനുവദിക്കുന്ന പക്ഷം നഗരസഭ നിബന്ധനകൾ, വ്യവസ്ഥകൾ എന്നിവയ്ക്ക് പുറമെ കോർപ്പറേഷൻ പ്രത്യേകമായി നിശ്ചയിച്ച ഷീലോഡ്ജ് ബൈലോ നിബന്ധനകൾക്ക് വിധേയമായും മാത്രമെ മുറികൾ ഉപയോഗിക്കുവാനും പ്രവർത്തിക്കുവാനും പാടുള്ളു.

14. ലേലം/ടെണ്ടറിൽ പങ്കെടുക്കുന്ന സംരംഭക യൂണിറ്റുകൾ കൗൺസിൽ നിശ്ചയിക്കുന്ന തുക നിരതദ്രവ്യമായി ലേലം/ ടെണ്ടർ തുടങ്ങുന്നതിനു മുമ്പ് ബന്ധപ്പെട്ട ഉദ്യോഗസ്ഥനെ ഏൽപ്പിച്ച് രശീതി വാങ്ങേണ്ടതും ലേലം/ടെണ്ടറിൽ പങ്കെടുക്കേണ്ടതുമാണ്. ടെണ്ടറാണെങ്കിൽ നഗസഭാ സെക്രട്ടറിയുടെ പേരിൽ വാങ്ങിയ ഡി.ഡി/നഗരസഭ ഓഫീസിൽ അടവാക്കിയ രശീതി ടെണ്ടറിനോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കണം. ലേലം/ടെണ്ടർ/ഓഫർ മുഖേന ലഭിച്ചതിനുശേഷം ഏറ്റെടുക്കുവാൻ വീഴ്ച വരുത്തുന്ന പക്ഷം നിരതദ്രവ്യം നഗരസഭയിൽ മുതൽ കൂട്ടുന്നതും ലേലം കൊണ്ടവർക്ക് ടി തുക തിരികെ ലഭിക്കുന്നതിന് അവകാശം ഇല്ലാത്തതുംമായിരിക്കും. ടിയാൾക്ക് നഗരസഭയുടെ തുടർന്നുള്ള ലേലം/ടെണ്ടർ/ഓഫർ നടപടികളിൽ പങ്കെടുക്കുവാനുള്ള അവകാശം ഇല്ലാത്തതും ആയിരിക്കും.

15. ലേലം കഴിഞ്ഞാലുടൻ ഏറ്റവും കൂടുതൽ സംഖ്യക്ക് ലേലം വിളിച്ച 2 പേരുടെതൊഴികെ മറ്റുള്ളവരുടെ നിരതദ്രവ്യം ഉടൻ തന്നെ തിരിച്ചു നൽകുന്നതും ഏറ്റവും ഉയർന്ന തുകയ്ക്ക് ലേലം വിളിച്ച ആദ്യത്തെ 2 പേരുടെ നിരതദ്രവ്യം കോർപ്പറേഷൻ കൗൺസിലിന്റെ അന്തിമ തീരുമാനത്തിനും ലേല നിബന്ധനകൾക്കും വിധേയമായി തിരികെ നൽകുന്നതുമാണ്. നിരതദ്രവ്യത്തിൻമേലോ നിക്ഷേപത്തിൻ മേലൊ യാതൊരു വിധപലിശയും നൽകുന്നതല്ല.

16. ലേലം കൗൺസിൽ അംഗീകരിക്കുന്ന പക്ഷം അറിയിപ്പ് ലഭിച്ച് 7 ദിവസത്തിനകം ലേല സമയത്ത് ഒടുക്കിയ നിരതദ്രവ്യ തുക കഴിച്ച് ബാക്കി ഒടുക്കേണ്ടുന്ന തുക കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ ഓഫീസിൽ ഡെപ്പോസിറ്റ് ചെയ്യേണ്ടതാണ്. വീഴ്ച വരുത്തുന്ന പക്ഷം മറ്റൊരു അറിയിപ്പ് ഇല്ലാതെ തന്നെ ലേലം/ടെണ്ടർ റദ്ദ് ചെയ്ത് ഒടുക്കിയ സംഖ്യ നഗരസഭയിൽ കണ്ടുകെട്ടുന്നതും ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർ ലേലം ചെയ്യുന്നതും ആയിരിക്കും. ടിയാൻ ഒടുക്കിയ തുകയ്ക്ക് അവകാശം ഉന്നയിക്കാൻ ടിയാന് അധികാരം ഉണ്ടായിരിക്കുന്നതല്ല.

17. ലേലം നഗരസഭാ കൗൺസിൽ അംഗീകരിച്ചതായി അറിയിപ്പ് ലഭിച്ച് നിശ്ചിത തിയ്യതിക്കുള്ളിൽ ബാക്കി ഡെപ്പോസിറ്റ് തുക അടവാക്കേണ്ടതാണ്. അറിയിപ്പിൽ പറയുന്ന തീയതി മുതൽ കെട്ടിടം ഏറ്റുവാങ്ങേണ്ടതുമാണ്. ടി തീയതി മുതൽ ലൈസൻസ് ഫീസ് ഒടുക്കുവാൻ ടി സംരംഭകർ ബാധ്യസ്ഥനുമായിരിക്കും. ഷീലോഡ്ജ് ഏറ്റെടുക്കുന്നതിന് മുമ്പ് നിശ്ചിത മാതൃകയിൽ നിലവിലുള്ള നിയമം അനുസരിച്ച് കൗൺസിൽ നിശ്ചയിച്ച ലേല വ്യവസ്ഥകൾ പ്രകാരമുള്ള തുകയും അടവാക്കി നിശ്ചിത തുകയ്ക്കുള്ള മുദ്രപത്രത്തിൽ കരാർ ഉടമ്പടി ലേലം കൊണ്ടവരുടെ സ്വന്തം ചെലവിൽ തയ്യാറാക്കി ഒപ്പ് വച്ച് സമർപ്പിക്കേണ്ടതും അനുബന്ധ നടപടിക്രമങ്ങൾ പാലിക്കേണ്ടതുമാണ്.

18. ഷീലോഡ്ജിന്റെയും അനുബന്ധ മുറികളുടെയും നടത്തിപ്പ് സംബന്ധിച്ച് എന്തെങ്കിലും റിപ്പോർട്ടുകൾ ലഭിക്കുന്ന പക്ഷം ആയത് പരിശോധിക്കാനുള്ള അധികാരം സെക്രട്ടറി അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥന് ഉണ്ടായിരിക്കുന്നതും പ്രവർത്തന കമ്മിറ്റി വിളിച്ച് ചേർത്ത് ലൈസൻസ് റദ്ദ് ചെയ്യാനുള്ള അധികാരം കമ്മിറ്റി അംഗീകാരത്തോടെ സെക്രട്ടറിയിൽ നിക്ഷിപ്തമായിരിക്കുന്നതുമായിരിക്കും.

19. ലൈസൻസിക്ക് ഷീലോഡ്ജും അനുബന്ധ കെട്ടിടങ്ങളും നടത്തികൊണ്ടു പോകാൻ പറ്റുന്നില്ലെങ്കിൽ മൂന്ന് മാസം മുമ്പ് നഗരസഭാ സെക്രട്ടറിയ്ക്ക് അപേക്ഷ നൽകിയാൽപോലും ലൈസൻസിയുടെ നടപടി മൂലം നഗരസഭയ്ക്ക് വല്ല കഷ്ടനഷ്ടവും സംഭവിക്കുകയാണെങ്കിൽ പ്രസ്തുത നഷ്ടം ലൈസൻസിയിൽ നിന്ന് ഈടാക്കുവാൻ നഗരസഭാ സെക്രട്ടറിയ്ക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

20. നഗരസഭയ്ക്ക് ആവശ്യമെന്ന് തോന്നുന്ന പക്ഷം കോർപ്പറേഷൻ അംഗീകരിച്ച ബൈലോയ്ക്കും എഗ്രിമെന്റ് നിബന്ധനകൾക്കും അനുസരിച്ച് നോട്ടീസ് നൽകി ലൈസൻസ് കാലാവധി തീരുന്നതിനു മുമ്പ് മുറി ഒഴിപ്പിച്ചെടുക്കുന്നതും അപ്രകാരം ഒഴിപ്പിക്കപ്പെട്ടാൽ നിയമാനുസൃത ഡെപ്പോസിറ്റ് സംഖ്യ തിരികെ കിട്ടുന്നതിനു ലൈസൻസിക്ക് അർഹത ഉണ്ടായിരിക്കുന്നതുമാണ്. ഇപ്രകാരം ഒഴിപ്പിക്കപ്പെടുന്ന പക്ഷം നഷ്ടപരിഹാരത്തിനോ മറ്റോ ലൈസൻസിക്ക് അവകാശം ഇല്ലാത്തതുമാണ്.

21. ലൈസൻസ് കാലാവധി പൂർത്തിയാകുമ്പോൾ അതാത് കാലത്തെ നിലവിലുള്ള സർക്കാർ ഉത്തരവുകൾക്കും നഗരസഭ തീരുമാനിക്കുന്ന നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി ലൈസൻസ് തുക, ഡെപ്പോസിറ്റ് തുക എന്നിവ വർദ്ധിപ്പിച്ചുകൊണ്ടോ അല്ലാതെയോ ലൈസൻസ് പുതുക്കുന്നതിനോ വീണ്ടും ലേലം/ടെണ്ടർ ചെയ്യുന്നതിനോ നഗരസഭ കൗൺസിലിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

22. ഷീലോഡ്ജ് അനുബന്ധ മുറികളുടെയും പ്രതിമാസ ലൈസൻസ് ഫീസ് മുൻകൂറായി അതാത് ഇംഗ്ലീഷ് മാസം 5-ാം തീയതിക്കു മുമ്പോ ടി ദിവസം അവധി ആണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസമോ നഗരസഭയിൽ അടയ്ക്കേണ്ടതാണ്. വീഴ്ച വരുത്തുന്ന പക്ഷം ആക്ടിന് വിധേയമായി പിഴ ഉൾപ്പെടെ അടവാക്കുന്നതിന് ലൈസൻസി ബാധ്യസ്ഥനായിരിക്കുന്നതാണ്. ആയതിനു വീഴ്ച വരുത്തുന്ന പക്ഷം നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതിന് നഗരസഭാ സെക്രട്ടറിയ്ക്ക് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്.

23. ഷീലോഡ്ജ് /റെസ്റ്റോറന്റിന്റെ ലൈസൻസ് കാലാവധി അവസാനിക്കുന്നതിനു മുമ്പോ പൂർത്തിയാക്കിയതിനു ശേഷമോ ഒഴിഞ്ഞു പോകുവാൻ ഉദ്ദേശിക്കുന്ന

പക്ഷം 3 മാസത്തിനു മുമ്പായി കോർപ്പറേഷനെ അറിയിക്കേണ്ടതും പൂർവ്വ സ്ഥിതിയിൽ കെട്ടിടം കോർപ്പറേഷന് കൈമാറിയിരിക്കേണ്ടതുമാണ്. കോർപ്പറേഷൻ വക സാധന സാമഗ്രികൾക്കൊ കെട്ടിടത്തിനോ നാശം സംഭവിച്ചതായി ബോധ്യപ്പെടുന്ന പക്ഷം ആയത് ഡെപ്പോസിറ്റിൽ നിന്നോ മറ്റു വിധത്തിലോ വസൂലാക്കുന്നതിന് കൗൺസിലിന് അധികാരമുണ്ടായിരിക്കും.

## നടത്തിപ്പ് രീതി

24. ഷിലോഡ്ജ് നടത്തിപ്പ് സംബന്ധിച്ച് സംസ്ഥാന ദാരിദ്ര്യനിർമ്മാർജ്ജന മിഷൻ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 18.08.2020 ലെ ഉത്തരവ് നമ്പർ 7712/ IF/ 2015 KSHO മാർഗ്ഗ നിർദ്ദേശ പ്രകാരമുള്ള പ്രവർത്തനങ്ങളും ക്രമീകരണങ്ങളും സി.ഡി.എസ്/ സംരംഭക യൂണിറ്റ് / ലൈസൻസി സ്വന്തം ചെലവിൽ ഒരുക്കേണ്ടതാണ്.

25. ഷീലോഡ്ജ്, അനുബന്ധ റസ്റ്റോറന്റ്/ ഹോട്ടൽ കറന്റ് ചാർജ്ജ്, വാട്ടർ ചാർജ്ജ്, ടെലഫോൺ ചാർജ്ജ് തുടങ്ങിയവ ലൈസൻസി സ്വന്തം ഉത്തരവാദിത്വത്തിൽ അടയ്ക്കേണ്ടതാണ്. ലൈസൻസി മുറി ഒഴിഞ്ഞതിനുശേഷം അടയ്ക്കാൻ വീഴ്ച വരുത്തിയിട്ടുള്ള വിവിധ ചാർജ്ജുകൾ അടയ്ക്കുന്നതിന് സംരംഭക യൂണിറ്റിന് ബാധ്യത ഉണ്ടായിരിക്കുന്നതാണ്. അല്ലാത്ത പക്ഷം ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

26. അനുവദിക്കപ്പെട്ട മുറിയിൽ ഘടനാപരമായി യാതൊരു മാറ്റവും വരുത്താൻ പാടില്ലാത്തതും മുറിയിൽ ഏർപ്പെടുത്തിയിട്ടുള്ള എല്ലാ സംവിധാനങ്ങളും ഫിറ്റിങ്ങുകളും, ഫർണ്ണിച്ചറുകളും കേടുവരുത്തുവാൻ പാടില്ലാത്തതും അവ സംരക്ഷിക്കുവാൻ ലൈസൻസി ബാധ്യസ്ഥരുമായിരിക്കും. കെട്ടിടത്തിനോ സ്ഥാവര ജംഗമ വസ്തുക്കൾക്കോ എന്തെങ്കിലും കേടുപാടുകൾ വരുത്തിയാൽ ആയതിന് ലൈസൻസി ഉത്തരവാദിയാകുന്നതും നഗരസഭ നിശ്ചയിക്കുന്ന നഷ്ടപരിഹാരം അടയ്ക്കേണ്ടതുമാണ്. അനിവാര്യമായ സാഹചര്യത്തിൽ ആവശ്യമയ മാറ്റം വരുത്തുന്നതിന് കൗൺസിലിന്റെ അനുമതിവാങ്ങി ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

27. ലൈസൻസി നിയമാനുസൃതമുള്ള ലൈസൻസുകളും രജിസ്ട്രേഷനുകളും സ്വന്തം ഉത്തരവാദിത്വത്തിൽ എടുത്തിരിക്കേണ്ടത്. ലൈസൻസികൾ പ്രതിമാസ വാടകയ്ക്ക് പുറമെ സർക്കാരിലേക്കും മറ്റും അടയ്ക്കേണ്ട നിയമാനുസൃത നികുതികൾ, ഫീസുകൾ, സർവ്വീസ് ചാർജ്ജുകൾ മുതലായവ അടയ്ക്കാൻ ബാധ്യസ്ഥരാണ് അനാരോഗ്യകരവും നിരോധിക്കപ്പെട്ടതുമായ യാതൊരു സാധന സാമഗ്രികളും കെട്ടിട ത്തിൽ സൂക്ഷിക്കുവാനോ ഷിലോഡ്ജിനോടനുബന്ധിച്ചുള്ള റസ്റ്റോറന്റിൽവിൽപ്പന നടത്തുവാനും പാടുള്ളതല്ല.

28. ഷിലോഡ്ജിൽ താമസിക്കുന്നവർക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടത് ലേലം കൊണ്ട സംരംഭക യൂണിറ്റ്/ ലൈസൻസിയായിരിക്കണം താമസിക്കുന്നവർക്കുവേണ്ടി ഭക്ഷണം, കുടിവെള്ളം എന്നിവ ഒരുക്കേണ്ടതും ആയതിന് നിയമാനുസൃത ചാർജ്ജ് ഈടാക്കി വിതരണം ചെയ്യേണ്ടതും ബന്ധപ്പെട്ട സംരംഭക യൂണിറ്റായിരിക്കും. .ലോഡ്ജും പരിസരവും വൃത്തിയായി സൂക്ഷിക്കേണ്ടതും ബഡ്ഷീറ്റ്, വിരിപ്പ് എന്നിവ കൃത്യമായി അലക്കി സൂക്ഷിക്കേണ്ടതും ശുചിത്വമുള്ള സാധന സാമഗ്രികൾ മാത്രമെ ഉപഭോക്താക്കൾക്കു നൽകുവാൻ പാടുള്ളു എന്നും ഉറപ്പാക്കേണ്ടതാണ്.

29. നടത്തിപ്പ് സംബന്ധിച്ച വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ, വാടക ഈടാക്കുന്നത് സംബന്ധിച്ച രശീത് ബുക്ക് എന്നിവ സൂക്ഷിക്കേണ്ടതും ആവശ്യപ്പെടുന്ന മുറയ്ക്ക് നഗരസഭയിലെ ബന്ധപ്പെട്ട അധികാരികളുടെ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുമാണ്.
30. ഷിലോഡ്ജ് നടത്തിപ്പ് ജീവനക്കാരായി സ്ത്രീകളെ മാത്രമേ നിയമിക്കുവാൻ പാടുള്ളു. ഷിലോഡ്ജ് നടത്തിപ്പിനാവശ്യമായ സംരക്ഷണ ജീവനക്കാരെയും വൃത്തിയാക്കുന്നതിനാവശ്യമായ ജോലിക്കാരെയും നിയോഗിച്ച് വേതനം നൽകേണ്ടതും ലൈസൻസി/ സംരംഭക യൂണിറ്റിന്റെ ബാധ്യതയാണ്.
31. ഷിലോഡ്ജ് എല്ലാ ദിവസവും മുഴുവൻ സമയവും പ്രവർത്തിക്കേണ്ടതും സംസ്ഥാനത്തിനകത്തും പുറത്തുനിന്നുമുള്ള സ്ത്രീകൾക്ക് മാത്രമായുള്ള താമസസ്ഥലമായിരിക്കും.
32. സ്ത്രീകൾക്ക് പുറമെ അത്യാവശ്യ സന്ദർഭങ്ങളിൽ മാത്രം 12 വയസ്സിന് താഴെയുള്ള ആൺകുട്ടികൾക്കും താമസിക്കാൻ അനുവാദം നൽകുന്നതായിരിക്കും.
33. ഷിലോഡ്ജുകളിലും അനുബന്ധ കെട്ടിടത്തിലുംഉള്ള മാലിന്യം സംസ്കരിക്കേണ്ട ഉത്തരവാദിത്വം ബന്ധപ്പെട്ട ലൈസൻസിക്ക് ആയിരിക്കും. ആയതിന് വല്ല പരാതിയും ലഭിക്കുന്ന പക്ഷം നിയമാനുസൃത നടപടി സ്വീകരിക്കുന്നതിനുള്ള അധികാരം നഗരസഭാ സെക്രട്ടറിയ്ക്ക് ഉണ്ടായിരിക്കുന്നതാണ്.
34. ഷിലോഡ്ജുകളും അനുബന്ധ മുറികളുടെയും ലൈസൻസ് ഫീ വ്യവസ്ഥയിൽ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന തർക്കങ്ങൾ ലൈസൻസി സ്വന്തം ഉത്തരവാദിത്വത്തിൽ തീർപ്പാക്കേണ്ടതാണ്.
35. ഷീലോഡ്ജും പരിസരവും മാലിന്യമുക്തമാക്കി നഗരഭ അംഗീകരിച്ച ശുചിത്വ പ്രോട്ടോകോൾ പ്രകാരം പ്രവർത്തിയ്ക്കേണ്ടതിന്റെ ഉത്തരവാദിത്വവും ലൈസൻസിക്കായിരിക്കും.
36. വനിതാഹെൽപ്പ്ലൈൻ, പോലീസ്, ഫയർ എന്നീ അവശ്യ ഹെൽപ്പ്ലൈൻ നമ്പറുകൾ ബന്ധപ്പെട്ട ലൈസൻസി ഷിലോഡ്ജിൽ പ്രദർശിപ്പിക്കേണ്ടതാണ്.
37. ഷീലോഡ്ജിൽ താമസിക്കുന്നവരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ആക്ഷേപങ്ങളും രേഖപ്പെടുത്താൻ രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആയതിന് അനുസൃതമായി സാധ്യമാകുന്ന രീതിയിൽ പ്രവർത്തനം മെച്ചപ്പെടുത്താൻ ശ്രമിക്കേണ്ടതുമാണ്.
38. പെരുമാറ്റ ദൂഷ്യമോ നിയമലംഘനമോ അന്തേവാസികളുടെ ഭാഗത്തു നിന്ന് ഉണ്ടായാൽ അവരെ പുറത്താക്കുന്നതിന് പൂർണ്ണ അധികാരം ലൈസൻസിക്ക് ഉണ്ടായിരിക്കുന്നതും അങ്ങനെ വരുന്ന സാഹചര്യങ്ങളിൽ പോലീസ് സ്റ്റേഷനിൽ റിപ്പോർട്ട് ചെയ്ത് നടപടി സ്വീകരിക്കുന്നതിനും ലൈസൻസിക്ക് അധികാരമുണ്ടായിരിക്കും.

39. മിനിമം ഒരു ദിവസം മുതൽ 5 ദിവസം വരെ മാത്രമെ അന്തേവാസികൾ എന്ന രീതിയിൽ റൂം അനുവദിക്കാൻ പാടുള്ളു. (ചെക്ക്ഇൻ ടൈം രാവിലെ 8 മണിമുതൽ തൊട്ടടുത്ത ദിവസം രാവിലെ 8 മണി വരെ)

**<u>കോഴിക്കോട് നഗരസഭ ഷീലോഡ്ജുമായി ബന്ധപ്പെട്ട് മുറി ഉപയോഗിക്കുന്ന ഗുണഭോക്താക്കൾ/അന്തേവാസികൾ പാലിക്കേണ്ട നിയമാവലി</u>**

40. ലോഡ്ജിൽ മുറിയെടുക്കുന്നവർ അവരവരുടെ സാധനസാമഗ്രികൾ സ്വന്തം ഉത്തരവാദിത്വത്തിൽ സൂക്ഷിക്കേണ്ടതാണ്.

41. താമസക്കാർക്ക്/അഥിതികൾക്ക് ബന്ധപ്പെട്ട നട ത്തിപ്പ്കാർ ട്രാവൽസ്/ഷിടാക്സി എന്നിവ ക്രമീകരിച്ചു നൽകേണ്ടതും ആയതിന്റെ ചിലവ് അതാത് കക്ഷിയിൽ നിന്ന് ഈടാക്കുകയോ കക്ഷികൾ നേരിട്ട് നൽകുകയോ ചെയ്യേണ്ടതാണ്.

42. താമസക്കാരോടൊപ്പം വളർത്തു മൃഗങ്ങളെ പ്രവേശിപ്പിക്കാൻ അനുവദിക്കുന്നതല്ല. മറ്റു താമസക്കാർക്ക് ശല്യമുണ്ടാകുന്ന രീതിയിൽ പ്രവർത്തിക്കുവാൻ അനുവദിക്കുന്നതല്ല.

43. മൊബൈൽ ഫോൺ, അനുബന്ധ രീതിയിലുള്ള ഇലക്ടോണിക്ക് ഉപകരണങ്ങൾ എന്നിവ മറ്റു അന്തേവാസികൾക്ക് തടസ്സമാകുന്ന രീതിയിൽ ഉപയോഗിക്കുവാൻ പാടുള്ളതല്ല.

44. ഷിലോഡ്ജിൽ താമസിക്കുന്ന അന്തേവാസികൾ രാത്രി 10 മണിക്ക് മുമ്പ് ലോഡ്ജിൽ തിരിച്ചുവരാൻ ബാധ്യസ്ഥരാണ്. ഇക്കാര്യത്തിൽ യാതൊരു വിട്ടുവീഴ്ചയും പാടില്ലാത്തതാണ്. അന്തേവാസികൾ ലോഡ്ജിൽ നിന്ന് പുറത്തുപോകുമ്പോഴും തിരികെ വരുമ്പോഴും ബന്ധപ്പെട്ട രജിസ്റ്ററിൽ തീയതിയും സമയവും കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.

45. താമസത്തിനായി വരുന്നവർ തിരിച്ചറിയൽ രേഖയും ആവശ്യമായ വിവരങ്ങളും ആയതിന്റെ പകർപ്പ് ആവശ്യപ്പെടുന്ന മുറയ്ക്ക് ലൈസൻസിക്ക് നൽകേണ്ടതാണ് താമസ ആവശ്യത്തിനല്ലാതെ മറ്റൊരുകാര്യത്തിനും ഷീലോഡ്ജ് ഉപയോഗിക്കുവാൻ പാടുള്ളതല്ല.

**കരാർ വ്യവസ്ഥകൾ ഈ നിബന്ധനകളുടെ ഭാഗമായിരിക്കുന്നതും അപ്രകാരം ഈ വ്യവസ്ഥകളുടെ അനുബന്ധമായിരിക്കുന്നതുമാണ്**

സെക്രട്ടറി
കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ

## അനുബന്ധം

കോഴിക്കോട് നഗരസഭ വലിയങ്ങാടി ഷീലോഡ്ജ് കെട്ടിടത്തിലെ മുറികൾ സംബന്ധിച്ച വിവരങ്ങൾ

ഷിലോഡ്ജ് വാടക

| റൂം | ഒരു ദിവസത്തിന് | അര ദിവസത്തിന് |
|---|---|---|
| ഡോർമെറ്ററി ബെഡ്ഡിന് | 100/-രൂപ | 100/-രൂപ |
| ബെഡ്റൂം സിംഗിൾ | 200/-രൂപ | 150/-രൂപ |
| ബെഡ്റൂം ഡബിൾ | 350/-രൂപ | 250/-രൂപ |
| എ.സി ബെഡ് റൂം സിംഗിൾ | 750/-രൂപ | 500/-രൂപ |
| എ.സി ബെഡ് റൂം ഡെബിൾ | 1200/-രൂപ | 1000/-രൂപ |
| എ.സി ഡീലക്സ് സിംഗിൾ ബെഡ് റൂം | 1750/-രൂപ | 1500/-രൂപ |
| എ.സി ഡീലക്സ് ഡെബിൾ ബെഡ് റൂം | 2250/-രൂപ | 2000/-രൂപ |

ഹോട്ടൽ/ റസ്റ്റോറന്റ് പ്രതിമാസ വാടക .................. + നികുതി നിരക്കുകൾ

സെക്രട്ടറി
കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ